# യോഹന്നാന്റെ ജീവപഠനം

## ദൂത് അമ്പത്തിയൊന്ന്

## ആന്തരികജീവന്റെ കവിഞ്ഞൊഴുക്കിനാൽ ഫലംകായിക്കുന്നു

Mon ഞാൻ രക്ഷിക്കപ്പെട്ട് കർത്താവിനെയും വേദപുസ്തകത്തെയും സ്നേഹിക്കുവാൻ തുടങ്ങിയപ്പോൾ നമുക്ക് മുന്തിരിവള്ളിയെ സംബന്ധിച്ച ദൃഷ്ടാന്തമുള്ളതായ യോഹന്നാൻ 15-ലേക്ക് ഞാൻ ആകർഷിക്കപ്പെട്ടിരുന്നു. അമ്പതിലേറെ വർഷമായി, ഈ ദൃഷ്ടാന്തം എന്റെ പരിഗണനയിൽതന്നെ ഉണ്ടായിരുന്നു.

### ക്രിസ്തുവിന്റെ ഭാഗങ്ങൾ ആയിരിക്കുക

ക്രിസ്തു മുന്തിരിവള്ളിയും നാം കൊമ്പുകളും ആണ്(15:15). ക്രിസ്തു മുന്തിരിവള്ളിയും നാം ആ വള്ളിയുടെ കൊമ്പുകളും ആണ് എന്ന വസ്തുത, നാം ക്രിസ്തുവിന്റെ ഭാഗമാണ് എന്നത് വ്യക്തമായി സൂചിപ്പിക്കുന്നു. ഇത് എത്ര മഹത്തായ സംഗതിയാണ്! യോഹന്നാൻ 15, വെറുമൊരു ഉപമയല്ല; അത്, നാം ഇപ്പോൾ ക്രിസ്തുവിന്റെ ഒരു ഭാഗമായിരിക്കുന്നത് എങ്ങനെ എന്നു കാണിക്കുന്ന ഒരു ദൃഷ്ടാന്തമാണ്. നാം, കേവലം, വിണ്ടെടുക്കപ്പെട്ടവരും ക്ഷമിക്കപ്പെട്ടവരും നീതീകരിക്കപ്പെട്ടവരും നിരപ്പു പ്രാപിച്ചവരും രക്ഷിക്കപ്പെട്ടവരും മാത്രമല്ല. നാം വാസ്തവത്തിൽ ക്രിസ്തുവിന്റെ ഒരു ഭാഗമാണ്! ഈ കോണിൽ നിന്ന് ഈ ദൃഷ്ടാന്തം വീക്ഷിച്ചാൽ, അത് എത്ര അഗാധമാണ് എന്ന് നാം തിരിച്ചറിയും. ക്രിസ്തു ദൈവത്തിന്റെ ദേഹരൂപംതന്നെയും, നാം, സഹതാപമർഹിക്കുന്നവരും മലിനരും വീണുപോയവരും പൈശാചികർപോലും ആയ പാപികളും ആണ്. ഇത്തരം പാപികൾക്ക് എങ്ങനെ ക്രിസ്തുവിന്റെ ഒരു ഭാഗമാകുവാൻ കഴിഞ്ഞു? അത് വളരെ അഗാധമെന്ന് തോന്നുമെങ്കിലും നാം സത്യമായും അവന്റെ ഒരു ഭാഗമാണ്.

## ത്രിയേകദൈവത്തിന്റെ ജൈവരൂപം ദിവ്യപ്പകർച്ചയിൽ

കൊമ്പുകളോടുകൂടിയ മുന്തിരിവള്ളി ആണ്, ദിവ്യപ്പകർച്ചയിൽ ത്രിയേകദൈവത്തിന്റെ ജൈവരൂപം. ഈ വള്ളി പ്രപഞ്ചത്തിലെ നിസ്തുലമായ ജൈവരൂപമാണ് എന്ന് ഒരു ദിവസം കർത്താവ് എനിക്കു കാണിച്ചുതന്നു. പതിനഞ്ചാം അദ്ധ്യായത്തിലെ മുന്തിവള്ളി ചെറിയ, തദ്ദേശികമായ, ഒറ്റയായ ഒരു ജൈവരൂപമല്ല; അത് വലിയ, സംഘാതമായ, സാർവ്വത്രികമായ ഒരു ജൈവരൂപം, ത്രിയേകദൈവത്തിന്റെ ജൈവരൂപം ആണ്.

## ത്രിയേകദൈവം യോഹന്നാന്റെ സുവിശേഷത്തിൽ

വേദപുസ്തകത്തിലെ മറ്റൊരു പുസ്തകവും ത്രിയേകദൈവത്തെ യോഹന്നാന്റെ സുവിശേഷം മറനീക്കികാണിക്കുന്നതുപോലെ പൂർണ്ണമായി, വെളിവാക്കുന്നില്ല. ഈ പുസ്തകം മുഴുവനും ത്രിത്വത്തെ സംബന്ധിച്ചതാണ്. പിതാവിനെയും പുത്രനെയും ആത്മാവിനെയും, ഈ പുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ വേറൊരു പുസ്തകത്തിലും വെളിപ്പെടുത്തിയിട്ടില്ല. യോഹന്നാന്റെ സുവിശേഷം മുഴുവൻ പിതാവിനോടും ആത്മാവിനോടും കൂടെയുള്ള പുത്രനെക്കുറിച്ചുള്ള ഒരു പുസ്തകമാണ്. അതിനാൽ, പതിനഞ്ചാം അദ്ധ്യായത്തിലെ ജൈവരൂപം ക്രിസ്തുവിന്റെ ജൈവരൂപം മാത്രമല്ല, ത്രിയേകദൈവത്തിന്റെയും ജൈവരൂപമാണ്.

ഈ അദ്ധ്യായത്തിന്റെ പ്രാരംഭ വാക്യത്തിൽ, പുത്രനായ, കർത്താവായ യേശു,"ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു"എന്ന് പറയുന്നു. ഈ അദ്ധ്യായത്തിൽ ആത്മാവ് എവിടെയാണ് എന്ന് നിങ്ങൾ അത്ഭുതപ്പെട്ടേക്കാം. മുന്തിരിവള്ളിയിലെ നീര്, ജീവരസം ആണ് ആത്മാവ്. അതുകൊണ്ട്, നാം ഉൾപ്പെടെ ത്രിത്വം ഈ ജൈവരൂപത്തിൽ ഉണ്ട് എന്നു നാം കാണുന്നു. മുന്തിരിവള്ളി എന്ന ജൈവരൂപം ദിവ്യത്വംകൊണ്ടു മാത്രമല്ല, മനുഷ്യത്വംകൊണ്ടും സംരചിക്കപ്പെട്ടിരിക്കുന്നു. ഈ സാർവ്വത്രിക ജൈവരൂപത്തിൽ ത്രിയേകദൈവവും നാമും ഉള്ളതുകൊണ്ട് കർത്താവിന് സ്തോത്രം! വാസ്തവത്തിൽ, നാം ഈ ജൈവരൂപത്തിന്റെ നിർണ്ണായക ഭാഗമാണ്. ഇത് വളരെ പ്രധാനമായ ഒരു കാര്യമാണ്.

## ദൈവം ജീവനായി ഒരു ജൈവിക ശരീരത്തിൽ വളരുന്നു

യോഹന്നാൻ 15-ലെ മുന്തിരിച്ചെടി എന്ന ജൈവരൂപമാണ് മുഴുവൻ വേദപുസ്തകത്തിന്റെയും ദൃഷ്ടികേന്ദ്രം. ജീവൻ ഉള്ളതും അവയവ

യങ്ങൾ ഉള്ളതുമായ ജൈവശരീരമാണ് ഒരു ജൈവരൂപം. നമുക്ക് കർത്താവിനോടുള്ള ബന്ധം വിശദീകരിക്കുവാൻ അവൻ ഉപയോഗിച്ച ഒരു ഉപമ മാത്രമായിട്ടാണ് അനേക ക്രിസ്ത്യാനികളും യോഹന്നാൻ 15-നെ കരുതുന്നത്. എന്നാൽ ഇത് വെറുമൊരു ഉപമയല്ല; ഇത്, ദൈവത്തിന്റെ ഉദ്ദേശ്യത്തിന്റെ ദൃഷ്ടികേന്ദ്രം വെളിപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമാണ്. ദൈവം ജീവനാണ്; ജീവന് സ്വയം വളരുവാനും ആവിഷ്കരിക്കുവാനും ആയി ഒരു ജൈവിക ശരീരം ആവശ്യമാണ്. ഒരു പൂവിന്റെ വിത്തിനുള്ളിലുള്ള ജീവമൂലകത്തിനുപോലും ഒരു ജൈവിക ശരീരം ആവശ്യമാണ്. ഉള്ളിലുള്ള ജീവന് വളരുവാനും പൂർണ്ണമായി ആവിഷ്കരിക്കുവാനും ഉള്ള ജൈവിക ശരീരമാണ് വിത്ത്. ഒരു ജൈവിക ശരീരത്തിനുള്ളിൽ വളരുവാനും, ആ ശരീരം മുഖാന്തരം സ്വയം ആവിഷ്കരിക്കുവാനും ദൈവം ആഗ്രഹിക്കുന്നു. ഈ ശരീരമാണ് ക്രിസ്തുവിന്റെയും സഭയുടെയും ജൈവരൂപം.

Tue — ദൈവം ഒരു ജൈവിക ശരീരത്തിൽ വളരുന്നു എന്നതാണ് വേദപുസ്തകത്തിന്റെ ദൃഷ്ടികേന്ദ്രം. ഇതിന്റെ അർത്ഥം, ദൈവം വളരുന്ന ജീവനാണ് എന്നും, ദൈവത്തിന് വളരുവാനും സ്വയം അവന് ആവിഷ്കരിക്കുവാനും കഴിയുന്ന ഒരു ജൈവരൂപം, ഒരു ജൈവിക ശരീരം, ആ വളരുന്ന ജീവന് ആവശ്യമാകുന്നു എന്നും ആണ്. ദൈവം നമ്മുടെ ആരാധനയുടെ ലക്ഷ്യമായ, നമ്മുടെ സ്രഷ്ടാവാണെന്നും, സൃഷ്ടികളായ നാം അവനെ ആരാധിക്കണമെന്നും നാം കേട്ടിട്ടുണ്ട്. അത് തെറ്റല്ല എന്നുവരികിലും, അത് വേദപുസ്തകത്തിലെ വെളിപ്പാടിനെ സംബന്ധിച്ച് വളരെ ഉപരിപ്ലവമായ ഒരു ധാരണയാണ്. അത് തീർച്ചയായും ദൈവത്തിന്റെ വെളിപ്പാടിന്റെ ദൃഷ്ടികേന്ദ്രത്തിന്റെ ഉള്ളടക്കം അല്ല.

ദൈവം ജീവനായി നമ്മുടെ സ്രഷ്ടാവും നമ്മുടെ ആരാധ്യവ്യക്തിയും മാത്രമല്ല, അവൻ ജീവൻ ആണ് എന്നതാണ് ദിവ്യദൃഷ്ടികേന്ദ്രത്തിന്റെ ഉള്ളടക്കം. ജീവൻ ആരാധന ആവശ്യപ്പെടുന്നില്ല. ഒരു കാർനേഷൻ വിത്ത് മേശപ്പുറത്ത് വച്ച് അതിനെ ആരാധിക്കുന്നത് എത്ര വിഡ്ഢിത്തമായിരിക്കും! നിങ്ങൾ അത് ചെയ്യുകയും കാർനേഷൻ വിത്തിന് സംസാരിക്കുവാൻ കഴിയുകയും ചെയ്യുന്നു എന്നുവരുകിൽ, അത് ഇങ്ങനെ പറയും,“ഭോഷനായ മനുഷ്യാ! നിങ്ങൾ എന്താണ് ചെയ്യുന്നത്? നിങ്ങൾ എന്നെ ആരാധിക്കുന്തോറും, ഞാൻ വിഷമിക്കുകയാണ്. ആരാധിക്കുന്നതിനു പകരം, ദയവായി എന്നെ മണ്ണിലേക്ക് വിതയ്ക്കൂ. നിങ്ങൾ അതു ചെയ്താൽ, ഞാൻ സന്തോഷിക്കും.”ആത്യന്തികമായി, ദൈവം നമ്മുടെ ആരാധനാപാത്രമല്ല; അവൻ ജീവനാണ്; താൻ ആവിഷ്കരിക്കപ്പെടുവാൻ തക്കവണ്ണം ഒരു ജൈവിക ശരീരമായി വളരുവാൻ അവൻ ആഗ്രഹിക്കുന്നു.

## ജൈവരൂപം ഉളവാക്കുവാനുള്ള ദൈവത്തിന്റെ പടികൾ

ഈ ജൈവികശരീരം ഉളവാക്കുവാൻ ദൈവം അനേക പടികൾ എടുത്തിരിക്കുന്നു. സൃഷ്ടിപ്പിലൂടെ, അവൻ മനുഷ്യന്റെ ഉള്ളിൽ ഒരു ആത്മാവിനെ നിർമ്മിച്ചു(സെഖ.12:1). ഒരു ആത്മാവ് ഉള്ളതുകൊണ്ട്, നമുക്ക് ദൈവത്തെ നമ്മിലേക്ക് സ്വീകരിക്കുവാൻ കഴിയും. ദൈവം വീണ്ടെടുപ്പിന്റെ വേല നിറവേറ്റുകയും, തുടർന്ന്, അവൻ ജീവൻ നൽകുന്ന ആത്മാവ് ആയിത്തീരുകയും ചെയ്തു(1 കൊരി.15:45). ഇപ്പോൾ അവൻ സ്രഷ്ടാവും വീണ്ടെടുപ്പുകാരനും മാത്രമല്ല-നമുക്ക് സ്പർശിക്കുവാനായി അവൻ ന്യൂമ(**pneuma**), ജീവൻനൽകുന്ന ആത്മാവ് ആണ്. നാം അവനെ സ്പർശിക്കുന്ന നിമിഷംതന്നെ അവൻ നേരിട്ട് നമ്മുടെ ആത്മാവിലേക്ക് വരുന്നു. ഈ ആത്മാവ് നമ്മുടെ ആത്മാവിലേക്ക് പ്രവേശിച്ച് നമ്മെ ഈ ജൈവിക ശരീരത്തിന്റെ ഭാഗമാക്കുന്നു. ഇപ്പോൾ, ദൈവം ആവിഷ്കരിക്കപ്പെടുവാൻ തക്കവണ്ണം അവൻ നമ്മുടെ ഉള്ളിൽ വളരുന്നു. ഇതാണ് കർത്താവിന്റെ ഇന്നത്തെ താത്പര്യം.

ദൈവം വളരുകയും അവൻ ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്നതായ ഈ ദിവ്യജൈവരൂപത്തിന്റെ ഭാഗമാണ് നാം എന്നു നാം കാണുന്നുവെങ്കിൽ, അനേക കാര്യങ്ങൾ മങ്ങിമറയും. ആരാധനയെ സംബന്ധിച്ച നമ്മുടെ മതപരമായ ധാരണകളെല്ലാം അപ്രത്യക്ഷമാകും. നമ്മുടെ ധാരണകൾ ദൈവം ഗൗനിക്കുന്നില്ല. തനിക്ക് നമ്മിലൂടെ ആവിഷ്കരിക്കപ്പെടത്തക്കവണ്ണം നമ്മുടെ ഉള്ളിൽ വളരുന്ന ജീവൻ ആയിരിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. ഇതാണ് യോഹന്നാൻ 15-ൽ വെളിപ്പെട്ടിരിക്കുന്ന ജൈവരൂപം.

## യോഹന്നാന്റെ സുവിശേഷത്തിന്റെ സർവ്വവും ഉൾക്കൊള്ളുന്നതായ ഒരു ചിത്രം

യോഹന്നാൻ 15 അനുസരിച്ച് സുവിശേഷം പ്രസംഗിക്കുന്നത് ഫലം കായിക്കുന്നതിനുവേണ്ടിയുള്ള ജീവന്റെ കവിഞ്ഞൊഴുക്കാണ് എന്നു നാം കണ്ടു. എന്നാൽ, ഇത് ഒരു നിസ്സാര കാര്യമല്ല; പിന്നെയോ ഇത് വളരെ ഉന്നതവും അഗാധവും ആണ്. സാധാരണയായി ക്രിസ്തീയ ജീവിതമെന്ന് കരുതുന്നതിനെക്കാൾ ഇത് വളരെ ഉന്നതമാണ്. ജീവന്റെ കവിഞ്ഞൊഴുക്കിനാൽ ഫലം കായിക്കുന്നത് എന്താണ് അർത്ഥമാക്കുന്നത് എന്നതിന്റെ അറിവ് നമുക്ക് ആർജിക്കണമെങ്കിൽ, യോഹന്നാന്റെ സുവിശേഷത്തിന്റെ സർവ്വവും ഉൾക്കൊള്ളുന്ന ഒരു ചിത്രം നാം കാണണം.

ഈ സുവിശേഷം ആരംഭിക്കുന്നത്,"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു"എന്ന വാക്കുകളോടുകൂടിയാണ്. ഒരു ദിവസം, വചനം ജഡമായിത്തീർന്നു(1:14). ഈ ജഡം ദൈവത്തിന്റെ കുഞ്ഞാടായിരുന്നു (1:29). കർത്താവ് ക്രൂശിക്കപ്പെട്ടപ്പോൾ, അവൻ വീണ്ടെടുപ്പു നിറവേറ്റുവാനുള്ള കുഞ്ഞാട് മാത്രമായിരുന്നില്ല; അവൻ സർപ്പത്തിന്റെ സാദൃശ്യത്തിലും ആയിരുന്നു(3:14). തനിക്ക് പഴയ സർപ്പമായ സാത്താനോട് ഇടപെടത്തക്കവണ്ണം, അവൻ ക്രൂശിന്മേൽ ഉയർത്തപ്പെട്ടു. തന്റെ മരണത്തിൽ അവൻ കുഞ്ഞാടിന്റെയും സർപ്പത്തിന്റെയും മാത്രമല്ല, ഒരു ഗോതമ്പുമണിയുടെ സാദൃശ്യത്തിലും ആയിരുന്നു(12:24). ഏക ഗോതമ്പുമണി എന്ന നിലയിൽ, നാമെല്ലാം ഉൾപ്പെടെ അനേക മണികളെ ഉളവാക്കുവാൻ അവൻ മരിച്ചു."അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു,"എന്ന് യോഹന്നാൻ 1:4 പറയുന്നു. ഈ ജീവൻ ജീവന്റെ വെളിച്ചമായിരുന്നു(8:12). വചനം ജഡമായിത്തീർന്നപ്പോൾ, അവൻ കൃപയും യാഥാർത്ഥ്യവും(സത്യവും) നിറഞ്ഞവനായിരുന്നു.

ഇതുവരെ നമുക്ക് പത്തു പ്രധാന വാക്കുകൾ ഉണ്ട്: വചനം, ദൈവം, ജഡം, കുഞ്ഞാട്, സർപ്പം, ഗോതമ്പുമണി, ജീവൻ, വെളിച്ചം, കൃപ, സത്യം, എന്നിവ. ദൈവമായിരുന്ന, ജഡമായിത്തീർന്ന, വചനമായിരുന്നു ക്രിസ്തു. ഈ ജഡം, നമ്മുടെ വീണ്ടെടുപ്പിനുവേണ്ടി ക്രൂശിക്കപ്പെട്ട കുഞ്ഞാടായിരുന്നു. തന്റെ ക്രൂശ്മരണത്തിൽ, ക്രിസ്തു, പിശാചിനെ തകർക്കുവാനായി സർപ്പത്തിന്റെ സാദൃശ്യത്തിൽ ആയിരുന്നു, തന്റെ മരണത്തിൽ, അനേക മണികളെ ഉളവാക്കുവാൻ ഒരു ഗോതമ്പു മണിയായി അവൻ നിലത്തേക്കു വീണു. ഈ അനേക മണികൾക്ക് ഇപ്പോൾ അവന്റെ ജീവൻ ഉണ്ട്. ഈ ജീവൻ അവരുടെ വെളിച്ചമായിത്തീർന്നു. അവർക്ക്, ഈ ജീവൻ കൃപയാണ്. ഈ വെളിച്ചം അവർക്ക് യാഥാർത്ഥ്യം കൊണ്ടുവരുന്നു.

## Wed — ക്രിസ്തു ഉള്ളിൽ വസിക്കുന്നത് നമ്മെ ത്രിയേക ദൈവമാകുന്ന ജൈവരൂപത്തിന്റെ ഭാഗമാക്കുവാൻ

കർത്താവായ യേശു മരിക്കുകയും പുനരുത്ഥാനം ചെയ്യുകയും പിതാവിന്റെ അടുക്കൽ രഹസ്യമായി ആരോഹണം ചെയ്യുകയും ചെയ്തശേഷം, അതേ ദിവസംതന്നെ, അവൻ മടങ്ങിവരുകയും അടയ്ക്കപ്പെട്ട ഒരു മുറിയിൽ ഭൗതിക ശരീരത്തോടുകൂടി മാർമ്മികമായ രീതിയിൽ പ്രവേശിക്കുകയും ചെയ്തു(20:19). ക്രിസ്തുവിന് ആ മുറിയിൽ പ്രവേശിക്കുവാൻ കഴിഞ്ഞത് എങ്ങനെയെന്ന് വിശദീകരിക്കുവാൻ ഒരു ശാസ്ത്രജ്ഞനും ഒരു പണ്ഡിതനും കഴിയുകയില്ല. 20:22

പ്രകാരം,"അവൻ അവരിലേക്ക് ഊതിയിട്ട് പരിശുദ്ധാത്മാവിനെ പ്രാപിക്കുക"എന്ന് അവരോടു പറഞ്ഞു. യോഹന്നാന്റെ സുവിശേഷത്തിന്റെ ഉപസംഹാരം ഇതാണെന്ന് തോന്നും; വാസ്തവത്തിൽ, ഈ സുവിശേഷം ഇതുവരെ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. തന്റെ ശിഷ്യന്മാരിലേക്കുള്ള കർത്താവിന്റെ ഊതൽ, ഈ മാർമ്മികനായവൻ, സർവ്വവും ഉൾക്കൊള്ളുന്നവൻ, അവരിലേക്ക് വന്നു എന്ന് സൂചിപ്പിക്കുന്നു. യോഹന്നാൻ ഇരുപതാം അദ്ധ്യായത്തിൽ കർത്താവ് ശിഷ്യന്മാരെ വിട്ടുപോയി എന്ന് രേഖപ്പെടുത്തിയിട്ടില്ല. അവൻ വന്നു, എന്നാൽ അവൻ വിട്ടുപോയില്ല. അവരിലേക്ക് ഊതിയശേഷം,"വിട തരൂ. ഞാൻ പിന്നൊരിക്കൽ വീണ്ടും വരാം,"എന്നവൻ പറഞ്ഞില്ല. ഒരു യുവാവ് എന്ന നിലയിൽ ഞാൻ ഇത് വായിച്ചപ്പോൾ, കർത്താവ് ശിഷ്യന്മാരെ വിട്ടുപോയി എന്ന് പറയുന്ന രേഖ ഇവിടെയില്ലാത്തതു മൂലം ഞാൻ വിഷമിച്ചിരുന്നു. കർത്താവ് അവരിലേക്ക് ഊതിയപ്പോൾ, അവൻ അവരിലേക്ക് വന്നു എന്ന് പിന്നീട് ഞാൻ മനസ്സിലാക്കി. മേലാൽ അവൻ, ശിഷ്യന്മാർക്ക് പുറമേയല്ല; അവൻ അവരുടെ ഉള്ളിൽ ആയിരുന്നു.

ആദിയിൽ, അതായത്, കഴിഞ്ഞകാലനിത്യതയിൽ, സ്ഥലം സംബന്ധിച്ചും സമയം സംബന്ധിച്ചും, ക്രിസ്തു വളരെ ദൂരെയായിരുന്നു. അവൻ വചനമായി, ദൈവത്തിന്റെ ആവിഷ്കാരമായി, നിലനിന്നു. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിന്റെ അവസാനത്തോടുകൂടെ, ഒരു മാർമ്മികമായ രീതിയിൽ അവൻ നമ്മിലേക്ക് വന്നു. സ്പർശിക്കുവാനും കാണുവാനും കഴിയുന്ന ഭൗതിക ശരീരമുള്ള ഒന്നിന് അടച്ചിട്ട മുറിയിൽ പ്രവേശിക്കുവാൻ കഴിഞ്ഞത് എങ്ങനെയെന്ന് ആർക്കും നിർവ്വചിക്കുവാനോ വിശദീകരിക്കുവാനോ കഴിയാത്തതുപോലെ, ക്രിസ്തു നമ്മിൽ വസിക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുവാൻ ആർക്കും കഴിയുകയില്ല. ഓരോ കാര്യത്തിലും തത്ത്വം ഒന്നുതന്നെയാണ്. ക്രിസ്തു ഉള്ളിൽ വസിക്കുന്നത് മാർമ്മികമാണ്. ഈ പുസ്തകത്തിന്റെ ആരംഭത്തിൽ, ക്രിസ്തു നമ്മിൽനിന്ന് ഏറെ അകലെയായിരുന്നു, എന്നാൽ ഇപ്പോൾ അവൻ നമ്മുടെ ഉള്ളിൽ ഉണ്ട്. ഇനി സ്ഥലത്തെയും സമയത്തെയും സംബന്ധിച്ചിടത്തോളം, അവനും നാമും തമ്മിൽ ദൂരം ഇല്ല. അവനും നാമും ഒന്നാണ്. മാത്രമല്ല, ക്രിസ്തു നമ്മെ അവന്റെ ഒരു ഭാഗമാക്കി. ഈ ഒരുമയാണ്, മുന്തിരിവള്ളി സൂചിപ്പിക്കുന്നതായ ജൈവരൂപം, ദിവ്യപ്പകർച്ചയിലുള്ള, മനുഷ്യത്വത്തോടുകൂടിയ, ത്രിയേകദൈവത്തിന്റെ ജൈവരൂപം. ഇന്നു നാം ഈ ജൈവരൂപത്തിൽ ആണ്. നമുക്കെല്ലാവർക്കും ഇതിന്റെ വ്യക്തമായ ദർശനം ആവശ്യമാണ്.

## ജൈവരൂപത്തിലേക്കുള്ള പ്രവേശനം

ഈ ജൈവരൂപം എങ്ങനെ നിങ്ങൾക്ക് അനുഭവമാക്കാം എന്ന് നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടായിരിക്കാം. ഈ ജീവിക്കുന്ന ജൈവ രൂപം പ്രവേശനകവാടത്തോടുകൂടിയ ഒരു കെട്ടിടം പോലെയാണ്. ജൈവരൂപത്തിലേക്ക് നമുക്ക് പ്രവേശിക്കുവാൻ കഴിയുന്ന വാതിലും ഈ ജൈവരൂപം അനുഭവമാക്കുവാനുള്ള മാർഗ്ഗവും, രണ്ടും ഈ സുവി ശേഷത്തിൽ നമുക്കുണ്ട്. 3:3-ലും 5-ലും ആണ് വാതിൽ. നിക്കോദേ മൊസ് എന്നു പേരായ ഒരു പാപിയോട് കർത്താവായ യേശു ഇപ്ര കാരം പറഞ്ഞു,"ഒരു മനുഷ്യൻ പുതുതായി ജനിക്കുന്നില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല,"എന്നും,"ഒരു മനു ഷ്യൻ വെള്ളത്താലും ആത്മാവിനാലും ജനിക്കുന്നില്ല എങ്കിൽ, അവന് ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ കഴിയുകയില്ല,"എന്നും. ജൈവരൂപം രാജ്യവും, രാജ്യം ജൈവരൂപവും ആണ്. കർത്താവ് നിക്കോദേമൊസിനോട്, അവൻ ആത്മാവിനാൽ ജനിക്കണം എന്ന് പറയുകയായിരുന്നു. ദിവ്യാത്മാവിനാൽ നമ്മുടെ ആത്മാവിൽ ജനി ക്കുന്നതിനാൽ നാം ഈ രാജ്യത്തിലേക്ക്, ഈ ജൈവരൂപത്തിലേക്ക് പ്രവേശിക്കുന്നു. അങ്ങനെ, ത്രിയേകദൈവത്തിന്റെ ജൈവരൂപത്തി ലേക്കുള്ള പ്രവേശനം പുതിയ ജനനമാണ്.

## ജൈവരൂപം അനുഭവമാക്കുവാനുള്ള മാർഗ്ഗം

മാർഗ്ഗം, നാലാം അദ്ധ്യായത്തിൽ ആരംഭിക്കുന്നു. 24-ാം വാക്യ ത്തിൽ കർത്താവ് ഇങ്ങനെ പറഞ്ഞു,"ദൈവം ആത്മാവ് ആകുന്നു; അവനെ ആരാധിക്കുന്നവർ ആത്മാവിലും യാഥാർത്ഥ്യത്തിലും ആരാ ധിക്കണം." ദൈവത്തെ ആരാധിക്കുക എന്നാൽ ദൈവത്തെ സ്പർശി ക്കുകയും, ദൈവത്തെ ആസ്വദിക്കുകയും, അവൻ ആയിരിക്കുന്നതി ലെല്ലാം പങ്കുപറ്റുകയും ചെയ്യുകയാണ്. ദൈവത്തെ ആരാധിക്കുന്നത് ദൈവത്തെ നമ്മിലേക്ക് സ്വീകരിക്കുന്ന ഒരു കാര്യമാണ്. ഇത് കേവലം വിഷയനിഷ്ഠമല്ല, അനുഭവനിഷ്ഠം ആണ്. ഈ അദ്ധ്യായത്തിൽ ഒരു വശത്ത് കർത്താവ് ആരാധനയെ സംബന്ധിച്ചും, മറുവശത്ത് ജീവജലം കുടിക്കുന്നതിനെ സംബന്ധിച്ചും സംസാരിക്കുന്നു എന്ന വസ്തുത ഇത് തെളിയിക്കുന്നു(വാ.14). 14-ഉം 24-ഉം വാക്യങ്ങൾ നാം ചേർത്തു വയ്ക്കുകയാണെങ്കിൽ, ജീവജലത്തിൽനിന്നു കുടിക്കുക എന്നത് ദൈവത്തെ ആരാധിക്കുക എന്നതാണ് എന്ന് നമുക്ക് കാണാം. കൂടാ തെ, നമ്മുടെ ആത്മാവുകൊണ്ടും നമ്മുടെ ആത്മാവിലും ദൈവത്തെ ആരാധിക്കുക എന്നതാണ്, ദൈവംതന്നെയായ ജീവജലത്തിൽനിന്ന് യഥാർത്ഥമായി കുടിക്കുക എന്നത്. ദൈവം തന്നെയാണ് ആത്മാവ്; ഈ ആത്മാവാണ് ജീവജലം. ദൈവത്തെ ആരാധിക്കുന്നതിനാൽ നാം

ഈ ജീവജലം കുടിക്കുന്നു. അതുകൊണ്ട്, ദൈവത്തിൽനിന്ന് കുടിക്കുന്നതും അവനെ ആരാധിക്കുന്നതും സമാനമാണ്. നാം എല്ലാവരും ജീവജലമായ, ആത്മാവായ ദൈവത്തെതന്നെ കുടിക്കണം.

മാർഗ്ഗത്തിന്റെ മറ്റൊരു വശം ആറാം അദ്ധ്യായത്തിൽ വെളിവാക്കിയിരിക്കുന്നു. 48-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു,"ഞാൻ ജീവന്റെ അപ്പം ആകുന്നു"എന്ന്. 57-ാം വാക്യത്തിൽ അവൻ പറഞ്ഞു, "എന്നെ തിന്നുന്നവൻ എൻ മൂലം ജീവിക്കും"എന്ന്. മാർഗ്ഗം, ജീവജലമായി ദൈവത്തെ കുടിക്കുന്നതു മാത്രമല്ല, ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തുവിനെ ജീവന്റെ അപ്പമായി ഭക്ഷിക്കുന്നതും ആണ്. തന്നെ ഭക്ഷിക്കുന്നതിനെ സംബന്ധിച്ച കർത്താവിന്റെ വാക്ക് മതാനുയായികളായ ആളുകൾക്ക് പ്രകോപനപരമായിരുന്നു, അവർക്ക് അത് സഹിക്കുവാനും കഴിഞ്ഞില്ല(വാ.60). 63-ാം വാക്യത്തിൽ കർത്താവ് തന്റെ ശിഷ്യന്മാരോട് "ജീവിപ്പിക്കുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു"എന്ന് പറഞ്ഞു. കർത്താവ് ഇങ്ങനെ പറയുന്നതായി കരുതാം,"ഞാൻ ജീവന്റെ അപ്പം ആകുന്നു. എന്നാൽ, എനിക്ക് നിങ്ങളുടെ ജീവസഹായമായി നിങ്ങളിലേക്ക് സ്വയംപകരുവാൻ കഴിയുന്നത് ജീവന്റെ വചനം മുഖാന്തരമാണ്. ഈ ജീവന്റെ വചനം ആത്മാവ് ആണ്." അതുകൊണ്ട്, ജീവന്റെ വചനത്തെ നാം അക്ഷരാർത്ഥത്തിൽ സമീപിക്കരുത്; നമ്മുടെ ആത്മാവിനെ പ്രയോഗിച്ചുകൊണ്ട് ജീവന്റെ ആത്മാവ് എന്ന നിലയിൽ നാം ജീവന്റെ വചനത്തെ സമീപിക്കണം. ഇങ്ങനെ, ജൈവവസ്തുവിനെ അനുഭവിക്കുന്നതിനുള്ള മാർഗ്ഗം ആത്മാവായ ദൈവത്തെതന്നെ സമീപിക്കുകയും അവനിൽനിന്ന് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുക ആണ്.

## കവിഞ്ഞൊഴുക്ക്

നാം വാസ്തവമായി കർത്താവിനെ സമീപിക്കുകയും അവനിൽനിന്ന് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നുവെങ്കിൽ, നമുക്ക് 7:37-ലും 38-ലും പറഞ്ഞിരിക്കുന്ന കവിഞ്ഞൊഴുക്ക് ഉണ്ടാകും. കൂടാരപ്പെരുന്നാളിന്റെ അവസാനത്തെ ദിവസം യേശു നിന്നുകൊണ്ട് ഉറക്കെ ഇങ്ങനെ വിളിച്ചു പറഞ്ഞു,"ദാഹിക്കുന്നവൻ, എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ആന്തരിക ആളത്തത്തിൽനിന്ന് തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും."എന്തൊരു കവിഞ്ഞൊഴുക്ക്! അവനിൽ വിശ്വസിക്കുന്നവർക്ക് ജീവജലനദികളുടെ കവിഞ്ഞൊഴുക്ക് ഉണ്ടാകും. ക്രിസ്തുവിൽനിന്ന് വിശ്വാസികൾ സ്വീകരിക്കുന്ന ജലം നദികളുടെ കവിഞ്ഞൊഴുക്കായിത്തീരും. ഈ ദൂതിൽ നാം സംസാരിക്കുന്നത് കവിഞ്ഞൊഴുക്കിനെക്കുറിച്ചാണ്.

ജീവന്റെ കവിഞ്ഞൊഴുക്ക് പതിനഞ്ചാം അദ്ധ്യായത്തിലല്ല, ഏഴാം അദ്ധ്യായത്തിലാണ്; എന്നാൽ ഏഴാം അദ്ധ്യായത്തിലെ കവിഞ്ഞൊഴുക്ക് പതിനഞ്ചാം അദ്ധ്യായത്തിലെ ഫലംകായിക്കലിനുവേണ്ടിയാണ്. ദൈവത്തെ സ്പർശിക്കുന്നതിനാലും അവനിൽനിന്ന് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതിനാലും, നമുക്ക് ഇത്തരം ഒരു കവിഞ്ഞൊഴുക്ക് ഉണ്ട്. ഈ കവിഞ്ഞൊഴുക്ക് ത്രിയേകദൈവം തന്നെയാണ്; അവനാണ് ജൈവരൂപത്തിന്റെ ഘടകാംശം; അവൻ നമ്മിലൂടെ സ്വയം ജീവിക്കുന്നു. അതുകൊണ്ട്, ജീവന്റെ കവിഞ്ഞൊഴുക്ക് നമ്മിൽനിന്ന് സ്വയം വെളിപ്പെടുത്തി ജീവിക്കുന്ന ത്രിയേകദൈവമാണ്.

## നമ്മുടെ ഫലംകായിക്കൽ ആണ് ജീവന്റെ കവിഞ്ഞൊഴുക്ക്

ജീവന്റെ കവിഞ്ഞൊഴുക്കിനാൽ ഫലം കായിക്കുന്നതിന്റെ അർത്ഥം നമുക്കിപ്പോൾ മനസ്സിലാക്കാം. നാം ഈ ദർശനം കാണണം. അങ്ങനെയെങ്കിൽ, നാം ഇങ്ങനെ പറയും,"ഞാൻ ത്രിയേകദൈവത്തിന്റെ ജൈവരൂപത്തിന്റെ ഭാഗമാണ്. ദിവസേന ഞാൻ എന്റെ ദൈവത്തെ സ്പർശിക്കുകയും അവനിൽനിന്ന് കുടിക്കുകയും അവനാൽ ജീവിക്കുകയും ചെയ്യുന്നു. ഇപ്പോൾ, സ്വാഭാവികമായി, ഈ ദൈവംതന്നെ എന്നിൽനിന്ന് പുറത്തേക്കൊഴുകുന്നു." ഈ ജീവന്റെ കവിഞ്ഞൊഴുക്കാണ് നമ്മുടെ ഫലംകായിക്കൽ. ദൈവം നമ്മിൽനിന്ന് പുറത്തേക്ക് ജീവിക്കുന്നതാണ് നമ്മുടെ ഫലംകായിക്കൽ. നാം നമ്മുടെ ബന്ധുക്കളോടും അയൽക്കാരോടും സഹപ്രവർത്തകരോടും സുഹൃത്തുക്കളോടും കൂടെ ആയിരിക്കുമ്പോൾ, നമുക്ക് ഇത്തരം ജീവിതവും ഇത്തരം വ്യക്തിത്വവും ഉണ്ടായിരിക്കണം. അടുത്തകാലത്ത് ഒരു സഹോദരി വിമാനത്താവളത്തിൽ വച്ച് ഒരു സ്ത്രീയെ കണ്ടുമുട്ടിയതും സ്വാഭാവികമായി അവളോട് തന്റെ ക്രിസ്തുവിലുള്ള സമ്പന്ന സഹായം സാക്ഷ്യപ്പെടുത്തിയതും പങ്കുവയ്ക്കുകയുണ്ടായി. നമ്മുടെ സഹോദരിയുടെ സാക്ഷ്യത്തിൽ ആ സ്ത്രീക്ക് തീർച്ചയായും മതിപ്പുണ്ടായിരിക്കണം. നമ്മുടെ സഹോദരിയുടെ വായിൽനിന്ന് പുറത്തുവന്നത് വെറും സുവിശേഷപ്രസംഗമല്ല, അവളിൽനിന്ന് പുറത്തേക്ക് ജീവിച്ച ത്രിയേകദൈവമായിരുന്നു അത്. നമ്മുടെ ബന്ധുമിത്രാദികളുടെ മുമ്പാകെ, ഇപ്രകാരം സാക്ഷ്യം നമുക്കുണ്ടെങ്കിൽ, അവർക്ക് ജീവന്റെ കവിഞ്ഞൊഴുക്കിനാൽ മതിപ്പുണ്ടാവുകയും ഈ ഒഴുക്ക് അവരിൽ ചിലരിലേക്ക് പ്രവേശിക്കുകയും ചെയ്യും. അവർ ഒഴുക്കിനാൽ സന്നിവേശിപ്പിക്കപ്പെടുകയും ഈ ജൈവരൂപത്താൽ ജനിച്ച ഫലമായിത്തീരുകയും ചെയ്യും. ഇത് ആന്തരിക ജീവന്റെ കവിഞ്ഞൊഴുക്കിനാലുള്ള ഫലംകായിക്കലാണ്.

നിങ്ങൾക്ക് ഇത്തരം ഒരു കവിഞ്ഞൊഴുക്ക് ഉണ്ടെങ്കിൽ, കർത്താവിനെ സ്നേഹിക്കാതിരിക്കുവാൻ നിങ്ങൾക്ക് കഴിയുമോ? തുടർന്നും പാപത്തിൽ ജീവിക്കുവാനും ലോകത്തെ തുടർന്ന് സ്നേഹിക്കുവാനും നിങ്ങൾക്ക് കഴിയുമോ? അത് അസാദ്ധ്യമായിരിക്കും. പാപത്തെയും ലോകത്തെയും അതിജീവിക്കുവാൻ പരിശ്രമിക്കേണ്ടതായ യാതൊരു ആവശ്യവുമില്ല. കർത്താവിനെ സ്നേഹിക്കുവാൻ ശ്രമിക്കേണ്ടതായ ആവശ്യം പോലുമില്ല. വാസ്തവത്തിൽ, നാം യാതൊന്നും ചെയ്യേണ്ടതായ ആവശ്യമില്ല. നാം ഈ ജൈവരൂപത്തിന്റെ ഭാഗമാണെന്നും ത്രിയേകദൈവം നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കപ്പെട്ടിരിക്കുന്നുവെന്നും, അവന്റെ ഐശ്വര്യങ്ങൾകൊണ്ട് നാം സംരചിക്കപ്പെട്ട് അവന്റെ ഭാഗമായിത്തീർന്നിരിക്കുന്നുവെന്നും, നാം മനസ്സിലാക്കുന്നതുകൊണ്ട് സ്വാഭാവികമായും സ്വതേയും ചിലത് നമ്മിൽനിന്ന് പുറത്തേക്ക് ഒഴുകും.

നാം ദിവ്യമുന്തിരിവള്ളിയുടെ കൊമ്പുകളാണ്; നാം ത്രിയേകദൈവത്തിന്റെ ജൈവരൂപത്തിന്റെ ഭാഗമാണ്. ജീവനിലും സ്വഭാവത്തിലും സ്ഥാനത്തിലും നാം അവനു തുല്യമാണ്. ഹല്ലേലുയ്യാ! നിത്യവും നാം നമ്മുടെ ദൈവത്തെ സ്പർശിക്കുന്നു. അവൻ നമ്മുടെ ആരാധനാപാത്രം മാത്രമല്ല, ജീവജലമായി നമ്മിലുള്ള ആത്മാവുമാണ്. നാം അവനിൽനിന്ന് കുടിക്കുമ്പോഴും, അവനിൽനിന്ന് ഭക്ഷിക്കുമ്പോഴും, നമുക്ക് ജീവന്റെ കവിഞ്ഞൊഴുക്ക് ഉണ്ട്. ഈ കവിഞ്ഞൊഴുക്ക് നിത്യജീവിതത്തിലുള്ള നമ്മുടെ ഫലംകായിക്കലാണ്. നമ്മോട് ബന്ധപ്പെടുന്നവർക്ക് ഈ ഒഴുക്ക് ലഭിക്കുന്നുവോ ഇല്ലയോ എന്നത് ദൈവത്തിന്റെ തെരഞ്ഞെടുപ്പിന്റെ കാര്യമാണ്. എന്നാൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഇത് ലഭിക്കുമെന്നും, അവർ ദിവ്യജൈവരൂപത്താൽ ജനിച്ച ഫലമായിത്തീരുമെന്നും, നമുക്ക് ഉറപ്പാക്കുവാൻ കഴിയും. ഇതാണ് ജൈവരൂപത്തിന്റെ വർദ്ധനവിനും ദൈവരാജ്യത്തിന്റെ വികാസത്തിനും ഉള്ള മാർഗ്ഗം. ആന്തരികജീവന്റെ കവിഞ്ഞൊഴുക്കിനാലുള്ള ഫലംകായിക്കലിന്റെ അർത്ഥം ഇതാണ്.